## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5911 **30.07.15 ൽ മറുപടിയ്ക്ക്**

**മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എം.പി.വിൻസെൻറ് | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ബഹു.സുപ്രീം കോടതി, ഹരിത ട്രിബ്യൂണൽ, ഹൈക്കോടതി ഉത്തരവ്, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമായി സമഗ്രമായും കാലാനുസൃതമായും പ്രായോഗിക താത്പര്യങ്ങൾ മുൻ നിർത്തിയും 2015 ഫെബ്രുവരിയിൽ പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) & (സി) | സുപ്രീംകോടതിയുടെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസിലെ 27.02.2012 ലെ ഉത്തരവിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട്, വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര ഖനി മന്ത്രാലയം തയ്യാറാക്കിയ 2010 ലെ മാതൃക ചട്ടങ്ങൾ എന്നിവ അടിസ്ഥാന പ്പെടുത്തിയാണ് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ – 2015 പുറപ്പെടുവിച്ചത്. മൈനിംഗ് പ്ലാൻ, പാരിസ്ഥിതികാനുമതി എന്നിവ സംബന്ധിച്ച് ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ, കേരളാ ഹൈക്കോടതി എന്നിവരുടെ നിർദ്ദേശങ്ങളും, നിരീക്ഷണങ്ങളും ഉൾക്കൊണ്ട് ഖനന |
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്? | | |

| | | | |
|---|---|---|---|
| | | | പ്രവർത്തികൾക്ക് മൈനിംഗ് പ്ലാൻ, പാരിസ്ഥിതികാനുമതി എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. അനിയന്ത്രിതവും അശാസ്ത്രീയവുമായ ധാതുഖനനം അവസാനിപ്പിക്കുക, ധാതുവിഭവങ്ങളുടെ ശാസ്ത്രീയവും, സുസ്ഥിരവുമായ രീതിയിലുള്ള ചൂഷണവും ഉപയോഗവും മാത്രം പ്രോത്സാഹിപ്പിക്കുക, ഖനനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ, തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയവ പരമാവധി ലഘൂകരിക്കുക, അനധികൃത ധാതുഖനനം, കടത്ത് എന്നിവ തടയുക എന്നിവയാണ് ചട്ടങ്ങൾ പരിഷ്കരിച്ചതു വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ. ടി ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മുഖ്യമായും മൈനിംഗ് & ജിയോളജി വകുപ്പാണ്. |

സെക്ഷൻ ഓഫീസർ